(എ) സംസ്ഥാനത്ത് ഒരു ലേബർ അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ലേബർ അതോറിറ്റിയുടെ നിയന്ത്രണത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലാളികളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് വേണ്ടിയുള്ള എന്തെല്ലാം സഹായ പദ്ധതികൾ ഏർപ്പെടുത്തിക്കൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) ലേബർ അതോറിറ്റി രൂപീകരിക്കുന്നതിനായി 18149/ലെജി. സി2/2000/നിയമം എന്ന നമ്പരിൽ 28-1-2001-ൽ 'ലേബർ അതോറിറ്റി ഓർഡിനൻസ് 2001' എന്ന പേരിൽ മുൻ സർക്കാരിന്റെ കാലത്ത് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞു പോയതിനാൽ ഇപ്പോൾ അത് പ്രാബല്യത്തിലില്ല. എന്നാൽ ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യസത്തിന് സ്കോളർഷിപ്പ് നൽകുന്നതിനായി അതതു ക്ഷേമ ബോർഡുകൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

കർഷകത്തൊഴിലാളികളുടെ വരുമാന വർദ്ധനവിന് പുതിയ പദ്ധതി

70 [3475] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) കാർഷിക തൊഴിൽ ദിനങ്ങളിൽ ഉണ്ടായ കുറവ് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർഷക തൊഴിലാളികളുടെ വരുമാന വർദ്ധനവിന് പുതിയ പദ്ധതികൾ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കർഷക തൊഴിലാളികൾക്ക് പലിശ രഹിത ഭവന വായ്പ നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഇ) കർഷക തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുമോ?

ഉത്തരം

(എ) 2001-ലെ കാനേഷുമാരി കണക്കനുസരിച്ച് കാർഷിക മേഖലയിൽ 1653601 കർഷകത്തൊഴിലാളികൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷിക ഉത്പ്പന്നങ്ങൾക്കുണ്ടായ വിലയിടിവുമൂലം കർഷകരുടെ വരുമാനത്തിൽ കുറവുണ്ടാകുകയും, തൻമൂലം കർഷകർ ആവശ്യമായ കൃഷിപ്പണികൾ നടത്താത്തതുമൂലം കാർഷിക തൊഴിൽ ദിനങ്ങളിൽ കുറവ് ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(സി) കാർഷിക വികസനത്തിനായി കൃഷി വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളുടെ പ്രയോജനം കർഷകത്തൊഴിലാളികൾക്കും ലഭ്യമാകുന്നതാണ്. പുതിയ പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത കർഷകത്തൊഴിലാളികൾക്ക് അംഗത്വമെടുക്കുമ്പോൾ തന്നെ തിരിച്ചറിയൽ കാർഡ് നൽകുന്നുണ്ട്.

ഈറ്റ-പനമ്പ് തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

71 [3476] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈറ്റ-പനമ്പ് തൊഴിലാളികളുടെ ക്ഷേമത്തിന് പുതുതായി ഏതെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

ഈറ്റ-പനമ്പ് തൊഴിലാളികളുടെ ക്ഷേമത്തിന് പുതിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

72 [3477] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്ലാന്റേഷൻ ലേബർ കമ്മിറ്റി അംഗീകരിച്ച കൂലി വ്യവസ്ഥ ഏകപക്ഷീയമായി വെട്ടിക്കുറയ്ക്കാൻ തോട്ടമുടമകൾക്ക് അധികാരമുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത കൂലി വ്യവസ്ഥ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly